## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4483 — 25.10. 2016 ൽ മറുപടിക്ക്

### വൈദ്യുതി ബില്ലിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)സംസ്ഥാനത്തെ വൈദ്യുതി ബോർഡ് ഓഫീസുകളിലെ ബിൽ സമ്പ്രദായത്തെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; ഉപഭോക്താക്കൾ യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന യൂണിറ്റിനാണോ പണം അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) ഉപഭോക്താക്കളുടെ പ്രെമിസസിൽ മീറ്റർ റീഡർ എത്തി റീഡിങ് എടുത്തതിന് ശേഷം അതിനനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബിൽ ചെയ്യുന്നു. കണക്ടഡ് ലോഡ്, വൈദ്യുതി എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നു, എന്നിവ കണക്കാക്കി പ്രതിമാസ/ദ്വൈമാസ കണക്കിൽ ബിൽ ചെയ്യുന്നു. ഉപഭോക്താക്കളിൽ നിന്നും വൈദ്യുത ഉപഭോഗത്തിനനുസരിച്ചാണ് പണം ഈടാക്കുന്നത്. നിരക്കുകൾ, പിഴ തുടങ്ങിയവ ആണ് വൈദ്യുതി ചാർജ്ജിൽ ഉൾപ്പെടുത്തുന്നത്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ള ചാർജ്ജുകൾ മാത്രമേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈടാക്കുന്നുള്ളൂ. |
| (ബി)വിവിധ സെക്ഷൻ ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്ന ബില്ലിന്റെ കൂടെ ഹിഡൻ ചാർജ്ജുകൾ ഉൾപ്പെട്ടിട്ടുള്ള ബില്ലുകളെ സംബന്ധിച്ച് ബോർഡിനോ സർക്കാരിനോ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) ഹിഡൻ ചാർജ്ജുകൾ ഈടാക്കുന്നില്ല. എന്നാൽ ഉപഭോക്താക്കൾക്ക് ബില്ല് തുക സംബന്ധിച്ച് ചില സംശയങ്ങൾ ഉണ്ടാകാറുണ്ട്. ആയത് ഉദ്യോഗസ്ഥർ യഥാസമയം ദൂരീകരിച്ചുവരുന്നു. |
| (സി) ഡെപ്പോസിറ്റ് തുക കുറവ് വന്നു എന്ന കാരണത്താൽ (ഹിഡൻ ചാർജ്ജ്) അധിക ചാർജ്ജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? | (സി) ഹിഡൻ ചാർജ്ജ് ഈടാക്കുന്നില്ല. എന്നാൽ റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള സപ്ലൈകോഡ് 2014 പ്രകാരം എല്ലാ സാമ്പത്തിക വർഷത്തേയും ആദ്യപാദത്തിൽ നിലവിലുള്ള ഡെപ്പോസിറ്റ് തുക മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതുണ്ട്. ദ്വൈമാസ ബിൽ ലഭിക്കുന്ന ഉപഭോക്താക്കൾക്ക് മൂന്ന് മാസത്തെ ബിൽതുകയും പ്രതിമാസ ബിൽ ലഭിക്കുന്ന ഉപഭോക്താക്കൾക്ക് രണ്ട് മാസത്തെ ബിൽ തുകയുമായാണ് ഡെപ്പോസിറ്റ് ക്രമീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം ക്രമീകരണം നടത്തുമ്പോൾ അധികമായി ഡെപ്പോസിറ്റുള്ള ഉപഭോക്താക്കൾക്ക് അധിക തുക വൈദ്യുതി ബില്ലിൽ ഇളവ് നൽകുകയും നിശ്ചിത ഡെപ്പോസിറ്റിൽ കുറവുള്ള ഉപഭോക്താക്കൾക്ക് പ്രസ്തുത കുറവ് നികത്താൻ ബിൽ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ